മീഡിയാ വൺ
ചന്ദ്രിക
വാരാന്തപതിപ്പ്
2010 മാർച്ച് 14 ഞായർ
sundaychandrika@gmail.com

അരനൂറ്റാണ്ട് മുമ്പ് കേരളം വിട്ട് കടലും കരയും മഞ്ഞും മലയും താണ്ടി പലരാജ്യങ്ങളിലായി അംബരചുംബികളായ കെട്ടിടങ്ങൾക്കൊപ്പം ഹൃദയം ചേർത്തുവെച്ച ബാലൻ എന്ന യുനിസ്റ്റാർ ബാലേട്ടൻ ഗൾഫിൽ സപ്തതി പിന്നിടുകയാണ്...

ദേശാന്തരങ്ങൾ കീഴടക്കിയ ബാലവിസ്മയങ്ങൾ

ജീവിതം
ബഷീർ മടവൂർ

പതിനേഴാമത്തെ വയസ്സിൽ കോഴിക്കോട് നിന്ന് വണ്ടി കയറിയ ബാലന്റെ ജീവിതം നാഗാലാന്റിലെ ഗറില്ലകളുടെ പോരാട്ടക്കാഴ്ച്ചകൾക്കിടയിൽ നിന്നാണ് പ്രയാണമാരംഭിക്കുന്നത്. കടലും കരയും മഞ്ഞും കാടും താണ്ടിയ സാഹസികയാത്രയായിരുന്നു അത്. ബ്രഹ്മപുത്രയും കടന്ന് ഹിമാലയത്തിന്റെ താഴ്വരകളിൽ നിന്ന് കാശ്മീരിലെ മഞ്ഞുമലകളിൽ പൊരുതിക്കയറിയ അനുഭവങ്ങളുടെ വൻകരയാണ് ബാലൻ. മനുഷ്യരെ തിന്നുന്നവരുടെ കൂടെപ്പോലും കഴിച്ചു കൂട്ടേണ്ടി വന്ന ബാലവിസ്മയങ്ങൾ സംഭ്രമജനകമായ ഒരു സിനിമാകഥപോലെ കാണുവാനാകും. കുറേക്കാലം അവിടെ കഴിച്ചു കൂട്ടിയ ബാലൻ പിന്നെ ഡൽഹിയിലേക്ക് മാറി. ആയിരത്തൊന്നു രാവുകൾക്കുമപ്പുറത്തേക്കൊഴുകുന്ന പേർഷ്യൻ സ്വപ്നങ്ങളുമായി ബാലൻ അവിടെ നിന്നും നേരെ പറന്നത് ഇറാഖിലേക്ക്. കുറച്ചുകാലം പിന്നിട്ടപ്പോഴേക്കും അവിടെയും യുദ്ധത്തിന്റെ യഥാർഥ മുഖം തന്നെയാണ് ബാലന് അഭിമുഖീകരിക്കേണ്ടി വന്നത്. ബാലവിസ്മയങ്ങളുടെ രണ്ടാം പകുതിയിൽ ജോർദാനായിരുന്നു ഇടത്താവളം. അവിടെ നിന്ന് അറേബ്യൻ ഗൾഫിന്റെ സിരാകേന്ദ്രമായ യുനൈറ്റഡ് അറബ് എമിറേറ്റ്സിലേക്ക്. യു എ ഇയുടെ പുരോഗതിക്കൊപ്പം യുനിസ്റ്റാർ ബാലൻ അറബികൾക്കിടയിൽ ഒരു സ്റ്റാറായിത്തന്നെ മാറുകയായിരുന്നു. അരനൂറ്റാണ്ട് പിന്നിട്ട പ്രവാസജീവിതത്തിന്റെ ആത്മയാനങ്ങളിലൂടെ ഉപരിപ്ലവതയും കൃത്രിമത്വവുമില്ലാതെ ബാലൻ സഞ്ചരിക്കുന്നു.

കോഴിക്കോട് നിന്ന് നാഗാലാന്റിലേക്കുള്ള ദൂരം

എട്ട് ദിവസം നീണ്ടു നിന്ന ആ യാത്രയുടെ ചൂളം വിളി ഇപ്പോഴും കാതിൽ അലയടിക്കുന്നുണ്ട്. തികച്ചും സാഹസികത നിറഞ്ഞ ഒരു യാത്രയും സാഹസികമായ ഒരുപാട് വർഷങ്ങളുമായിരുന്നു അത്. മനുഷ്യരെയടക്കം തിന്നുന്ന നാഗന്മാർക്കിടയിൽ ജീവിച്ച നീണ്ട കുറേ വർഷങ്ങൾ. ഇന്നോർക്കുമ്പോൾ അത്ഭുതമാണ്. അവരോടൊപ്പം അന്തിയുറങ്ങിയും അവരുടെ അലർച്ചകൾ കേട്ട് പാതിരാത്രികളിൽ ഞെട്ടിയുണർന്നും മുളകൊണ്ട് മാത്രം നിർമ്മിച്ച താവളങ്ങളിൽ കഴിഞ്ഞ നാളുകൾ. പത്തൊമ്പതാമത്തെ വയസ്സിൽ നാഗാലാന്റിൽ ഒരു പി ഡബ്ല്യു ഡി ജൂനിയർ എഞ്ചിനയറായി ജോലിക്ക് കയറുവാനുള്ള നിയമനവുമായിട്ടായിരുന്നു വണ്ടി കയറിയത്. എട്ട് ദിവസം നീണ്ടു നിന്ന ഒരു യാത്രയായിരുന്നു അത്. മദ്രാസ് വഴി ഹൗറ. അവിടെ നിന്ന് കൽക്കട്ട. പിന്നെ ഫറക്ക. അവിടെ നിന്നും ജൽപായ്ഗുരി സിലിഗുരി ഗോഹട്ടി ലംടി വഴി ഗംഗ കടന്ന് ബ്രഹ്മപുത്രയും താണ്ടിയിട്ടായിരുന്നു യാത്ര. ഗംഗ നദിയിലെ ഫറഖ ഫെറി (കടത്ത്) സ്റ്റീമറിൽ (ചെറിയൊരു യാത്രക്കപ്പൽ)കയറി ബ്രഹ്മപുത്ര ഫെറി കടന്ന് ദീമാപൂരിലെ കോഹിമയിലെത്തി.കോഹിമയാണ് നാഗാലാന്റിന്റെ തലസ്ഥാനം അവിടെ നിന്ന് ദിബ്രുഖൽ റെയിൽവെ സ്റ്റേഷനിലെത്തി..ഇന്ത്യയിലെ വടക്ക് കിഴക്ക് ഭാഗത്തുള്ള അവസാന റെയിൽവെ സ്റ്റേഷനായിരുന്നു അത്. അഞ്ച് ദിവസം നീണ്ട കാൽ നടയാത്രയിലൂടെ സിലാപത്ത് ഡാപ്പർഗോയിലെത്തി.ഈ സ്ഥലങ്ങളൊക്കെ ഇൻസർജൻസി ഏരിയയായിരുന്നു. അതായത് റിബലുകൾ ഒളിഞ്ഞിരുന്ന് ഇന്ത്യൻ ഡിഫൻസിനെ വെടിവെച്ച് കൊല്ലുന്ന സ്ഥലങ്ങളായിരുന്നു. ജീവിതമാണോ മരണമാണോ തെരഞ്ഞെടുക്കേണ്ടത് എന്നറിയാതെ അവിടെ പോയിരോഡ് വെട്ടിയ ജീവിതമായിരുന്നു എന്റേത്. റോഡുകളില്ലാത്ത സ്ഥലങ്ങളിലൊക്കെയും റോഡ് നിർമ്മിക്കുവാനായി മഴ നനഞ്ഞും അട്ടയുടെ കടിയേറ്റും കാടും മലയും കയറിയിറങ്ങി നടന്നു.വെള്ളം കുടിക്കണമെങ്കിൽ മലവെള്ളം കോരിയെടുത്ത് അതിൽ പ്യൂരിഫൈ ഗുളികയിട്ട് കുടിക്കണമായിരുന്നു. നാഗാലാന്റിൽ ഗറില്ലാ യുദ്ധം പൊട്ടിപ്പുറപ്പെട്ടിരുന്നു. ഗറില്ലകളുടെ താവളങ്ങളും ഒളിപ്പോരുകളും ഒരു കൗതുകത്തോടെയായിരുന്നു

കണ്ടിരുന്നത്.വിയറ്റ്നാം പോലുള്ള ഒരു യുദ്ധമായിരുന്നില്ല അത് .ഒരു സിവിൽ യുദ്ധമായിരുന്നു് .ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടപ്പോൾ നാഗാലാന്റ് ഇന്ത്യയുടെ ഭാഗമല്ല എന്ന ധ്വനിയിൽ നിന്നാണ് യുദ്ധത്തിന്റെ തുടക്കം. നാഗാ ഫെഡറൽ ഗവൺമെന്റ് നാഗാലാന്റ് സംസ്ക്കാരം ഇന്ത്യയുടേതല്ല എന്നുപോലും വാദിച്ചിരുന്നു.ഒളിപ്പോരുകളുടെ കാലം ധാരാളം മലയാളികളും അവിടെ ഉണ്ടായിരുന്നു.മൂർക്കോത്ത് രാവുണ്ണിയായിരുന്നു അന്നവിടെ ഡിസ്ട്രിക്റ്റ് കമ്മീഷണർ അഡ്മിനിസ്ട്രേറ്റീവ്.പുരുഷന്മാർ ഗറില്ലകളായി മാറിയപ്പോൾ അവിടുത്തെ സ്ത്രീകൾ ഭർത്താക്കന്മാരായി പുറത്തുനിന്നുള്ളവരെയായിരുന്നു ആഗ്രഹിച്ചത്. അങ്ങനെ രാമൻ നായർ ജോർജ് അലക്സാണ്ടർ തുടങ്ങിയ പല മലയാളി സുഹൃത്തുക്കളും അവിടുത്തെ സ്ത്രീകളെ വിവാഹം കഴിച്ചു. അവരൊക്കെയിപ്പോഴും അവിടെ സുഖമായി കഴിയുന്നുണ്ടാകണം.പുരുഷന്മാർ വീടുകളിൽ കള്ള്കുടിച്ചിരിക്കുകയും സ്ത്രീകൾ തൊഴിലെടുത്ത് കുടുംബം പുലർത്തുകയും ചെയ്യുന്ന ഒരു സിസ്റ്റമായിരുന്നു അവിടെ.നാഗാലാന്റിൽ നിന്ന് 1961ൽ മദ്രാസിലേക്ക് പോയി അവിടെ ഒരു വർഷം ജോലി ചെയ്ത ശേഷം 1962ൽ ഇന്ത്യൻ ആർമിയുടെ ഭാഗമായ ബോർഡർ ഓട്സിൽ അസിസ്റ്റന്റ് എഞ്ചിനിയറായി നിയമനം ലഭിച്ചു. 1964 ൽ അരുണാചൽ പ്രദേശ് നേഫയിലെത്തിയിരുന്നു.നേഫയിലെ ജീവിതം ശരിക്കും അമ്പരപ്പിക്കുന്നതായിരുന്നു. അവിടെ ഭക്ഷണം ഡ്രോപ്പ് ചെയ്യുകയായിരുന്നു. മുളയടിച്ചു പരത്തിയ ക്യാമ്പുകൾ... തുറസ്സായ സ്ഥലങ്ങളിൽ തന്നെയുള്ള പ്രാഥമിക ആവശ്യങ്ങളുടെ നിറവേറ്റൽ കരുണാകരൻ സുന്ദരരാജൻ എന്ന മലയാളി സഹപ്രവർത്തകരുമൊത്ത് സാഹസികതയുടെ രുചിയറിഞ്ഞുള്ള ജീവിതമായിരുന്നു. ഹിമാലയത്തിന്റെ തെക്കുഭാഗത്തുള്ള ജീവിതം പൊരുതിജയിക്കുവാനുള്ള പോരാട്ടമായിരുന്നു.

അരുണാചലിലേക്ക് എട്ടുദിവസത്തോളം നീണ്ടു നിന്ന യാത്രയായിരുന്നു.നാല് വർഷം അവിടെ കഴിഞ്ഞ ശേഷം ബ്രഹ്മപുത്ര കടന്ന് സിക്കിമിലെത്തി. ബ്രഹ്മപുത്ര കടക്കുവാൻ പാലമൊന്നുമില്ല സ്റ്റീമർ ഉപയോഗിച്ചായിരുന്നു നാലഞ്ച് കിലോമീറ്ററിലേറെയുള്ള സാഹസിക സഞ്ചാരം. പിന്നെ ആനപ്പുറത്തേറിയും സഞ്ചരിക്കും . ഒരിക്കൽ പത്ത്മുപ്പതിലേറെ വരുന്ന സ്ത്രീകളും കുട്ടികളുമുൾപ്പെടെയുള്ള സഞ്ചാരത്തിനിടയിൽ സ്ററീമർ അപകടത്തിൽ പെട്ട് ഇരുപത്തിനാല് മണിക്കുറിലേറെ സമയം കൂട്ടനിലവിളിയും കൂട്ടക്കരച്ചിലുമായി മരണത്തെ മുഖാമുഖം കണ്ടിരുന്നു. നാട്ടിൽ ചെന്ന് വിവാഹം കഴിച്ച് വീണ്ടും സിക്കിമിലെത്തി.

1971 ൽ ബംഗ്ലാദേശ് യുദ്ധം നടക്കുന്ന സമയത്താണ് ബോർഡർ റോഡ്സ് ഏരിയ ഓഫ് ബംഗ്ലാദേശിന്റെ അസിസ്റ്റന്റ് എഞ്ചിനിയറായി നിയമിക്കപ്പെടുന്നത്. ആ സമയത്താണ് ബാലാട്ട് എന്ന സ്ഥലത്തെ റോഡിൽ ബംഗ്ലാദേശികൾ അഭയാർഥികളായി വന്ന് കൂട്ടമായി ആത്മഹത്യ ചെയ്യുന്ന കാഴ്ച്ചയും അവിടെ കണ്ടു. അവിടെ നിന്ന് കൊച്ചിയിൽ നിയമനം കിട്ടി വന്നു കുറച്ചുകഴിയും മുമ്പേ കാശ്മീർ താഴ്വരയിലേക്ക് പോയി. ലഡാക്ക് എന്ന സ്ഥലത്തായിരുന്നു ജോലി അവിടെ ഓരോ ദിവസവും ഓരോ പുതിയ റോഡായിരുന്നു. കാരണം ഐസ് കൊണ്ടുള്ള റോഡുകളായിരുന്നു. ഐസ് കട്ടകൾ കൊണ്ടുണ്ടായ റോഡിലൂടെ ദിവസവും സഞ്ചരിച്ച് കാശ്മീർ ഉദ്ദംപൂർ എന്ന സ്ഥലത്ത് കുറേ വർഷം ജോലി ചെയ്തു. അവിടെ നിന്ന് ഡൽഹിയിൽ കുറച്ചു കാലം എഞ്ചിനിയറായിജോലി ചെയ്ത ശേഷമാണ് ഇറാഖ് എന്ന പേർഷ്യൻ സ്വപ്നം മനസ്സിലേക്ക് കടന്നു വരുന്നത്.

മരണം ജയിക്കുന്ന യുദ്ധങ്ങൾ

ഇറാഖ് എന്നെ ഒരുപാട് സ്നേഹിക്കുകയും ഞാൻ ഇറാഖിനെ ഒരുപാട് സ്നേഹിക്കുകയും ചെയ്തിരുന്നു എന്നു പറയുന്നതാവും ശരി. നല്ല രാജ്യം നല്ല മനുഷ്യർ അവിടുത്തെ പല കെട്ടിടങ്ങളുടെ നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുവാൻ സാധിച്ചിരുന്നു. പക്ഷേ അധികനാൾ അവിടെ ജീവിക്കാനായില്ല സദ്ദാം ഹുസൈൻ എന്ന നല്ല ഭരണാധികാരിയെ പലതവണ അടുത്ത് നിന്ന് കാണുവാൻ സാധിച്ചിട്ടുണ്ട്. അവരുടെ പാലസിനരികിലെ ചില വൻകിട കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ എഞ്ചിനിയറിംഗ് ജോലി ചെയ്യുവാൻ എനിക്കവസരമുണ്ടായിട്ടുണ്ട്.ഇന്ത്യക്കാരെ പ്രത്യേകിച്ച് മലയാളികളെ സദ്ദാം ഹുസൈന് ഏറെ പ്രിയമായിരുന്നു .പേഴ്സണൽ സ്റ്റാഫിൽ മാത്രമല്ല അദ്ദേഹത്തിന്ന് ഭക്ഷണം പാചകം ചെയ്ത് കൊടുക്കുന്നത് പോലും ചില മലയാളി സ്റ്റാഫുകളായിരുന്നു എന്നു കേട്ടിരുന്നു. എങ്കിലും കടുത്ത പ്രൊട്ടക്ഷനായിരുന്നു അവിടെയൊക്കെയും നല്ല സംസ്ക്കാരവും നല്ല ജീവിതവുമായിരുന്നു ഇറാഖികളുടേത്. കുറേ സംസ്ക്കാരങ്ങളും ചരിത്ര സ്മാരകങ്ങളും തലയെടുപ്പോടെ ഇറാഖിലുണ്ടായിരുന്നു. ടൈഗ്രീസ് നദിയും ബഗ്ദാദ് നഗരവും ഏറെ ആകർഷിക്കപ്പെടുന്ന സ്ഥലങ്ങളാണ്.

1985 തുടങ്ങി 88 കാലഘട്ടത്തിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ട ഒരു ഉച്ച സമയത്താണ് ഞങ്ങളെല്ലാവരും അത്രയൊന്നും വലുതല്ലാത്ത സി സി ബി കോംപ്ലക്സിലെ ഓാഫീസിൽ നിന്നു ഇറങ്ങിയോടിയത്. ബഗ്ദാദിലേക്കായിരുന്നു ഓടിയത്. ഇറാഖിലെ ചോരപുരണ്ട് ചുവന്ന മണ്ണിലൂടെയാണ് ഞങ്ങൾ ഓടിയത്. ഇറാഖും ഇറാനും പരസ്പരം കടുത്ത പോരാട്ടം . അമ്മമാരുടെ മാറിടങ്ങളിൽ മുലപ്പാലിനു പകരം രക്തം..... പിഞ്ചുകുഞ്ഞുങ്ങൾ കുഞ്ഞുവായ് തുറന്ന് വെച്ച് എന്നെന്നേക്കുമായി കിടന്നുറങ്ങുന്നു. തോക്കുകൾക്ക് മുന്നിൽ ഭയവിഹ്വലരായി ഓടുന്ന യുവതികളെ പിടിച്ച് കൊണ്ട് വന്ന് വസ്ത്രങ്ങൾ കീറിമുറിച്ച് കാമാതുരരായി കീഴടക്കുന്ന കാഴ്ച്ചകൾ .. ആകാശത്ത് ഗർജനം മുഴക്കിപ്പറക്കുന്ന മിസൈലുകളുടെ നിർത്താതെയുള്ള കത്തിയമരലുകളിൽ ജീവനുവേണ്ടി നെട്ടോട്ടമോടുന്നവർക്കൊപ്പം ഞങ്ങളും വെപ്രാളപ്പെട്ട് ഓടി. മരണത്തിന്റെ കാൽപെരുമാറ്റം ഒരു പാട് തവണ എന്നെയും തൊട്ടുതലോടിക്കടന്നു പോയിരുന്നു. ഇറാഖ്-ഇറാൻ യുദ്ധത്തിൽ ഇറാഖ് തന്നെയായിരുന്നു ആധിപത്യം സ്ഥാപിച്ചിരുന്നത്.ടൈഗ്രീസ് നദി കടലിൽ ചെന്ന് ചേരുന്ന ഫാവു എന്ന സ്ഥലം ഇറാഖിന്റെ ഭാഗമാണെങ്കിലും ഇറാന്റെ ആധിപത്യത്തിലായിരുന്നു. ടൈഗ്രീസ് നദിയിൽ സദ്ദാം ഹുസൈൻ ഒരു ഭീമൻ അണക്കെട്ട് നിർമ്മിച്ച് ഒരു പ്രഭാതത്തിൽ ഇറാനികളെ തുരത്താനായി അത് തുറന്നുവിട്ടു .ഇറാനിലെ നൂറുകണക്കിനാളുകൾ അങ്ങനെ മരിക്കുകയുണ്ടായി. അന്ന് ഇറാഖിനും നഷ്ടങ്ങളുണ്ടായി.അന്ന് നഷ്ടപ്പെട്ട ഒരു ഓയിൽ സ്റ്റേഷൻ പുനർനിർമ്മിച്ചത് ഞാനായിരുന്നു.

മറക്കുവാൻ മാത്രം ഇഷ്ടപ്പെടുന്ന ഓർമ്മകൾ

ഇറാഖിലെ മറക്കുവാൻ മാത്രം ഇഷ്ടപ്പെടുന്ന ഓർമ്മകൾക്കിടയിൽ നിന്ന് വിചിത്രമായ പല കഥകളും പറയുവാനാകും അതിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് യുദ്ധക്കെടുതി. അമ്മ നഷ്ടപ്പെട്ട മക്കൾ, വീട് നഷ്ടപ്പെട്ട കുടുംബം... ഇറാഖിന്റെ പ്രാന്തപ്രദേശങ്ങളൊക്കെ അപരിചിതമായ ഏതോ സ്ഥലമായി മാറിക്കഴിഞ്ഞിരുന്നു. കെട്ടിടങ്ങൾക്കൊക്കെ ചാരനിറം. തെരുവീഥികളിൽ മലക്കം മറിഞ്ഞ് കിടക്കുന്ന വാഹനങ്ങൾ. തകർന്നു വീണ മിനാരങ്ങൾ. ഒക്കെയും ഒരു രാജ്യത്തിന്റെ നഷ്ടപ്പെട്ട സ്മാരകമായി മാറിയിരുന്നു. കുടുംബ ബന്ധങ്ങൾക്കിടയിലെ കഥയായിരുന്നു വിചിത്രം . വിചിത്രം എന്നു പറയാനാവില്ല. യുദ്ധത്തിൽ നാടുവിട്ടുപോയവരുണ്ട്, കൊല്ലപ്പെട്ടുപോയവരുണ്ട്,

പലപ്പോഴും എന്നെ വേട്ടയാടിയ ഒരു സംഭവമുണ്ട്. യുദ്ധത്തിനിടയിൽ എല്ലാവരും പല ദിക്കുകളിലേക്കായി ഓടി മാറിത്താമസിക്കുകയായിരുന്നു. ചിലർ അഭയാർഥി ക്യാമ്പുകളിലുമെത്തുന്നു. കുറേക്കാലമായി ഭർത്താവിനെ കണ്ടെത്താനാകാതെ വരുമ്പോൾ ഭർത്താവ് കൊല്ലപ്പെട്ടിരിക്കും എന്നുമാത്രമേ സ്ത്രീകൾക്ക് ഊഹിക്കാനാവുകയുള്ളു. അങ്ങന ഭർത്താവ് മിക്ക സ്ത്രീകളും മറ്റൊരു വിവാഹം കഴിക്കുവാൻ നിർബന്ധിതരാകുന്നു. ഇങ്ങനെ വിവാഹം കഴിച്ച് ജീവിക്കുമ്പോഴായിരിക്കും ആദ്യത്തെ ഭർത്താവ് വളരെ കഷ്ടപ്പെട്ട് കുറേദൂരം പിന്നിട്ട് ഭാര്യയേയും മക്കളേയും കണ്ടെത്തുവാനായി അഭയാർഥിക്യാമ്പിലും മറ്റുമെത്തുക. കുഞ്ഞുങ്ങളില്ലാത്ത സ്ത്രീകൾ ആരുടെയോ കുഞ്ഞുങ്ങളെയെടുത്ത് കൊണ്ടുപോയി വളർത്തുന്നു. മറ്റൊരാളുടെ ഭാര്യയെ ജീവിതസഖിയാക്കുവാൻ സാഹചര്യം നിർബന്ധിതരാകുന്നു... എന്തിനു വേണ്ടിയായിരുന്നു യുദ്ധം? ആർക്കെന്തു നേട്ടം? ആരാ ജയിക്കുന്നത്? മരണം മാത്രം.

> **കുറേക്കാലമായി ഭർത്താവിനെ കണ്ടെത്താനാകാതെ വരുമ്പോൾ ഭർത്താവ് കൊല്ലപ്പെട്ടിരിക്കും എന്നുമാത്രമേ സ്ത്രീകൾക്ക് ഊഹിക്കാനാവുകയുള്ളു. അങ്ങന ഭർത്താവ് മിക്ക സ്ത്രീകളും മറ്റൊരു വിവാഹം കഴിക്കുവാൻ നിർബന്ധിതരാകുന്നു. ഇങ്ങനെ വിവാഹം കഴിച്ച് ജീവിക്കുമ്പോഴായിരിക്കും ആദ്യത്തെ ഭർത്താവ് വളരെ കഷ്ടപ്പെട്ട് കുറേദൂരം പിന്നിട്ട് ഭാര്യയേയും മക്കളേയും കണ്ടെത്തുവാനായി അഭയാർഥിക്യാമ്പിലും മറ്റുമെത്തുക.**

യുദ്ധത്തടവുകാരി പെൺകുട്ടിക്ക് മുഖം മറയ്ക്കുവാൻ വസ്ത്രമില്ലെന്നറിഞ്ഞപ്പോൾ സ്വന്തം ശിരോവസ്ത്രമെടുത്ത് മകളേ മുഖം മറയ്ക്കൂ എന്നു പറഞ്ഞ മുഹമ്മദ് നബിയുടെ ജീവിതമാതൃക ഒരു യുദ്ധം കഴിഞ്ഞ സ്ഥലത്ത് നിന്നും എനിക്ക് നേരിട്ടു മനസ്സിലാക്കുവാനും സാധിച്ചിരുന്നു... യുദ്ധത്തിന്ന് മുമ്പുള്ള ഇറാഖിനേക്കാൾ മികച്ച പല മാറ്റങ്ങളും അവിടെ കാണുവാൻ കഴിഞ്ഞു. ഐക്യവും സഹനവും സ്നേഹവും ബലപ്പെട്ടതായി മനസ്സിലാക്കിയ എനിക്ക് പക്ഷേ അവിടെ തങ്ങുവാൻ താല്പര്യമില്ലായിരുന്നു. യുദ്ധം കഴിഞ്ഞ ഒരു രാജ്യത്തിരുന്ന് എന്ത് ചെയ്യാനാണ്?

ജോർദ്ദാൻ കാഴ്ചകൾ

ജോർദ്ദാൻ മോണ കാട്ടി ചിരിക്കുന്ന നിഷ്ക്കളങ്കമായ ഒരു കുഞ്ഞിനെപ്പോലെയാണ്. ഇറാഖിന്റെ നോർത്ത് ഈസ്റ്റ് ഭാഗമായി പങ്കിടുന്ന രാജ്യമാണ് ജോർദ്ധാൻ.യുദ്ധത്തിന്റെ കെടുതികളിൽ നിന്ന് പലരും നേരെ പലായനം ചെയ്തത് ജോർദ്ധാനിലും സിറിയയിലുമായിരുന്നു. സിറിയൻ ഡിസേർട്ടിലേക്ക് പരന്നു കിടക്കുന്ന രാജ്യമാണ് ജോർദ്ധാൻ. ഇറാഖിൽ നിന്നും ജോർദ്ധാനിലെത്തിയ ഞാൻ ഒരു സ്വകാര്യസ്ഥാപനത്തിൽ എഞ്ചിനിയറായിട്ട് ജോലിക്ക് കയറി.

ജോർദ്ദാൻ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട ഒരു സ്ഥലം തന്നെയായിരുന്നു. ഹാഷിമയിറ്റ് കിംഗ്ഡം ഓഫ് ജോർദ്ദാൻ എന്നാണ് യഥാർഥ പേര്. ആധുനിക അറബ് രാജ്യത്തിന്റെ പൊലിമകളൊക്കെ അത്ര വലുതായി കാണുവാനില്ലെങ്കിലും ഇസ്ലാമിക സംസ്ക്കാരം അവിടെ മൂല്യവത്തായിക്കാണുവാൻ എനിക്കു സാധിച്ചു. അന്ന് ഹുസൈൻ രാജാവായിരുന്നു ജോർദ്ധാനിലെ രാജാവ്.അദ്ദേഹത്തെയും പലതവണ നേരിട്ട് കാണുവാനും മറ്റും സാധിച്ചിരുന്നു. ജോർദ്ദാനിലെ അനേകം വൻകിട കെട്ടിടങ്ങളുടെയൊക്കെ ജോലികളിൽ സജീവമായിത്തന്നെ പങ്കാളികളാകുവാനും കഴിഞ്ഞു. ഇന്ത്യക്കാരുടെ പ്രത്യേകിച്ച് മലയാളികളുടെ കഠിനാദ്ധ്വാനത്തിലും ആത്മാർഥതയിലും വളരെ തൽപരനായിരുന്ന രാജാവിന്റെ പ്രശംസ പിടിച്ചു പറ്റുവാനും കഴിഞ്ഞിരുന്നു. നിഷ്ക്കളങ്കരായ ജനതയും നിഷ്ക്കപടമായ സംസ്ക്കാരവും ജോർദ്ധാന്റെ പ്രത്യേകതയായി എനിക്കു തോന്നിയിരുന്നു. ഏകദേശം അമ്പത് ശതമാനം പേരും ദാരിദ്രരേഖക്ക് താഴെയുള്ളവരാണ് ചാവുകടൽ എന്ന കടലിന്റെ ഒരു ഭാഗം ജോർദ്ധാനിലാണ്. നാഗരികതയുടെ കടന്നുവരവ് അന്ന് ജോർദ്ധാനിൽ സജീവമായി വരുന്നതേയുണ്ടായിരുന്നുള്ളു. അഖബ തുറമുഖത്ത് 178 മീറ്റർ നീളമുള്ള കോൺക്രീറ്റ് ഹൈവെ അതായത് അൽ സഫർ മുതൽ അൽ അസ്റ വരെ സദ്ദാമിന്റെ ചിലവിൽ സദ്ദാമിനു വേണ്ടി ജോർദ്ദാനിൽ നിർമ്മിച്ച ഹൈവെയുടെ ചീഫ് കണ്സൽട്ടന്റ് മാനേജരായിരുന്നു ഞാൻ. കുറച്ചുകാലം അവിടെ പല വൻകിട പദ്ധതികൾക്കും സാക്ഷിയാകുവാൻ കഴിഞ്ഞ ഞാൻ പിന്നീട് ദുബൈയിലേക്ക് വരികയായിരുന്നു.

യു എ ഇ യുടെ പുരോഗതിക്കൊപ്പം

നാഗാലാന്റ് വഴി ഇറാഖിലും ഇറാഖ് വഴി ജോർദ്ദാനിലും അവിടെ നിന്ന് യുനൈറ്റഡ് അറബ് എമിറേറ്റ്സിലുമെത്തുമ്പോഴേക്കും ബാലൻ കെട്ടിട സമുച്ചയങ്ങളുടെ കൂട്ടുകാരനായി മാറിയിരുന്നു.നുമൈർ കോൺട്രാക്റ്റിംഗ് കമ്പനിയിലൂടെയായിരുന്നു തുടക്കം.പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് അതിശീഘ്രം കുതിച്ചു കൊണ്ടിരിക്കുന്ന ദുബൈയുടെ കുതിപ്പിൽ ഈ മലയാളിയുടെ നിറഞ്ഞ സാന്നിദ്ധ്യവും നമുക്ക് കാണാം കാൽ നൂറ്റാണ്ടോളമായി ബാലൻ ദുബൈയുടെ ഓരോ ഹൃദയമിടിപ്പിലും കാത് ചേർത്തുവെച്ചിട്ട് ക്രമേണ യുനിസ്റ്റാർ കൺസ്ട്രക്ഷൻ എന്ന മറ്റൊരു കമ്പനിക്കു കൂടി ബാലൻ തുടക്കം കുറിച്ചു. അംബരചുംബികളായ കെട്ടിടങ്ങളും നീണ്ടോഴുകുന്ന റോഡുകളും അറേബ്യൻ ഗൾഫിന്റെ മുഖച്ഛായ മാറ്റിമറിച്ചപ്പോൾ യുനിസ്റ്റാർ ബാലനും അതിന്റെ ഭാഗദേയമാകുവാൻ സാധിച്ചു. ദുബൈയിലെ പ്രശസ്തമായ വൈദ് ആദംസ് ,സിറ്റി ടവർ. എമിറേറ്റ്സ് ടവർ ,ദുബൈ കൺവെൻഷൻ സെന്റർ ,ഫെയർമോണ്ട് ഹോട്ടൽ.മദീനത്തുൽ ജുമൈറ . തുടങ്ങിയ വൻകിട പദ്ധതികളിലൊക്കെയും കൈയ്യൊപ്പ് ചാർത്തിയ ബാലേട്ടന്റെ ഇന്നത്തെ ടേൺ ഓവർ 25 മില്ല്യൻ ദിർഹം സാണ്.

സുജയ് ബാലൻ സുജിത് ബാലൻ എന്നീ രണ്ട് മക്കളും അച്ഛനോടൊപ്പം വ്യവസായത്തിൽ സഹായിക്കുന്നു. രാധയാണ് ഭാര്യ.സപ്തതി പിന്നിട്ട ബാലേട്ടൻ .മണലരണ്യത്തിലെ കോൺക്രീറ്റ് മരങ്ങൾക്കിടയിലൂടെ ജൈത്രയാത്ര തുടരുകയാണ് കുറേ വൻകിടപദ്ധതികളിലൂടെ ഇനിയും ബഹുദൂരം മുന്നേറുവാനുള്ള ശുഭപ്രതീക്ഷയോടെ.

> **തികച്ചും സാഹസികത നിറഞ്ഞ ഒരു യാത്രയും സാഹസികമായ ഒരുപാട് വർഷങ്ങളുമായിരുന്നു അത്. മനുഷ്യരെയടക്കം തിന്നുന്ന നാഗന്മാർക്കിടയിൽ ജീവിച്ച നീണ്ട കുറേ വർഷങ്ങൾ. ഇന്നോർക്കുമ്പോൾ അത്ഭുതമാണ്. അവരോടൊപ്പം അന്തിയുറങ്ങിയും അവരുടെ അലർച്ചകൾ കേട്ട് പാതിരാത്രികളിൽ ഞെട്ടിയുണർന്നും മുളകൊണ്ട് മാത്രം നിർമ്മിച്ച താവളങ്ങളിൽ കഴിഞ്ഞ നാളുകൾ.**